# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ

## നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ഓഫീസ് അറ്റന്റന്റ്, നൈറ്റ് വാച്ച്മാൻ, മാർക്കർ തസ്തികകളിലെ ജീവനക്കാരുടെ റേഷ്യോപ്രൊമോഷൻ ഉത്തരവിൽ ഭേദഗതി വരുത്തിയും 1:2 റേഷ്യോ പ്രകാരം ഗ്രേഡ് - I തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ സി 3 / 20546/2018 /കോ.വി.വ തീയതി: 22.05.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. 20.01.2016 തീയതിയിലെ സ.ഉ(പി)നം.7/2016/ഫിൻ നമ്പർ ഉത്തരവ്.
2. 26.05.2016 തീയതിയിലെ സി 3/6168/2016/കോ.വി.വ നമ്പർ ഉത്തരവ്.
3. 01.08.2016 തീയതിയിലെ സി 3/25143/2016/കോ.വി.വ നമ്പർ ഉത്തരവ്.
4. 20.09.2017 തീയതിയിലെ സി 3/25143/2016/കോ.വി.വ നമ്പർ ഉത്തരവ്.
5. 26.10.2017 തീയതിയിലെ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ എ1-27/2017/എസ്റ്റാ, എൻ.ടി.എസ് നമ്പർ കത്ത്.
6. 26.12.2017 തീയതിയിലെ സ.ഉ(കൈ)നം.316/2017/ഉ.വി.വ നമ്പർ ഉത്തരവ്.
7. 27.04.2018 തീയതിയിലെ സ.ഉ(കൈ)നം.86/2018/ഉ.വി.വ നമ്പർ ഉത്തരവ്.
8. ശ്രീ.പ്രസാദ്.എൻ-ന്റെ അപേക്ഷ.

## ഉത്തരവ്

ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ഓഫീസ് അറ്റന്റന്റ്, നൈറ്റ് വാച്ച്മാൻ, മാർക്കർ തസ്തികകളിലുള്ള ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് 443 ആയി നിശ്ചയിച്ച് 147 പേർക്ക് ഗ്രേഡ് - I ആയി 1:2 റേഷ്യോ പ്രകാരം പ്രൊമോഷൻ അനുവദിച്ച് നൽകിയിരുന്നു. പരാമർശം 6, 7 ഉത്തരവുകൾ പ്രകാരം വകുപ്പിൽ ഒരു ഓഫീസ് അറ്റന്റന്റ്, ഒരു നൈറ്റ് വാച്ച്മാൻ തസ്തികകൾ കൂടി സൃഷ്ടിച്ചതോടെ കേഡർ സ്ട്രെങ്ത് 445 ആയി മാറുകയും 148 പേർ ഗ്രേഡ് - I തസ്തികയിൽ അർഹത നേടുകയും ചെയ്തിട്ടുണ്ട്.

പരാമർശം (5, 8) പ്രകാരം മങ്കട ഗവൺമെന്റ് കോളേജിലെ ഓഫീസ് അറ്റന്റന്റായിരുന്ന ശ്രീ.പ്രസാദ്.എൻ പരാമർശം (4) പ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലായെന്നും പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ 'ടി' യാളുടെ ജൂനിയറായ ശ്രീ.ശ്രീജിത്ത്.സി.വിയ്ക്ക് 22.06.2017 തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടെന്നും 'ടി' തീയതിയിൽ 'ടി'യാൾ ഈ വകുപ്പിൽ ജോലി ചെയ്തിരുന്നതിനാൽ 22.06.2017 തീയതി പ്രാബല്യത്തിൽ 'ടി'യാൾക്ക് റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കണമെന്നും അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ.പ്രസാദ്.എൻ-ന്റെ അപേക്ഷ പരിശോധിച്ചതിൽ 'ടി'യാൾ 17.07.2017 നാണ് ഈ വകുപ്പിൽ നിന്ന് വിടുതൽ ചെയ്തത്. ആയതിനാൽ 'ടി'യാൾക്ക് 22.06.2017 തീയതിയിൽ റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്. ആയതിനാൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതിവരുത്തി ശ്രീ.പ്രസാദ്.എൻ.-ന് 22.06.2017 തീയതി പ്രാബല്യത്തിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ഗ്രേഡ് - I ആയി 17000-37500/- രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

ശ്രീ.പ്രസാദ്.എൻ-ന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 'ടി'യാൾക്ക് അർഹമായ തീയതിയിൽ സ്ഥാനക്കയറ്റം നൽകിയതിനെതുടർന്ന് പരാമർശം (4) ഉത്തരവിൽ ക്രമനം.16 നു ശേഷം റേഷ്യോ പ്രൊമോഷൻ നല്കിയ പ്രാബല്യ തീയതി ചുവടെ പറയുന്ന വിധത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് , തസ്തിക, സ്ഥാപനം | സീനിയോ രിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പി.എസ്.സി നിയമന ശിപാർശ തീയതി/സർക്കാർ ഉത്തരവ് തീയതി | ഗ്രേഡ് - I ആയി സ്ഥാനക്കയറ്റം അനുവദിച്ച തീയതി | ഭേദഗതി വരുത്തിയ സ്ഥാനക്കയറ്റ പ്രാബല്യ തീയതി |
|---|---|---|---|---|---|
| 1. | പ്രസാദ്.എൻ ഓഫീസ് അറ്റന്റന്റ് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, മങ്കട | 168 | 13.05.2011 | സ്ഥാനക്കയറ്റം നൽകി യിരുന്നില്ല | 22.06.2017 |
| പരാമർശം (4) ഉത്തരവിലെ ക്രമ നമ്പർ 17 ന് സ്ഥാനക്കയറ്റ പ്രാബല്യ തീയതിയിൽ മാറ്റമില്ല. | | | | | |
| 2. | സുബീഷ്. ഓഫീസ് അറ്റന്റന്റ് ടി.എം ഗവൺമെന്റ് കോളേജ് തിരൂർ | 170 | 13.05.2011 | 22.06.2017 | 01.07.2017 |
| 3. | സതീശൻ.കെ.കെ ഓഫീസ് അറ്റന്റന്റ് ഗവൺമെന്റ് കോളേജ്, അമ്പലപ്പുഴ | 171 | 27.05.2011 | 01.07.2017 | 18.07.2017 (ശ്രീ.പ്രസാദ്. എൻ 17.07.2017 ന് വിടുതൽ ചെയ്തതു മുഖേനയു ണ്ടായ ഒഴിവ്) |

പരാമർശം (4) ഉത്തരവിലെ ക്രമനം.20 മുതൽ 33 വരെയുള്ളവരുടെ സ്ഥാനക്കയറ്റ പ്രാബല്യതീയതിയിൽ മാറ്റമില്ല.

18.07.2017 ന് ശേഷം വകുപ്പിലുണ്ടായ ഗ്രേഡ് - I തസ്തികകളുടെ ഒഴിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് / ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും | ഒഴിവിന്റെ സ്വഭാവം | ഒഴിവുകളുടെ എണ്ണം | ഒഴിവ് നിലവിൽവന്ന തീയതി |
|---|---|---|---|---|
| 1. | തങ്ക.കെ ഓഫീസ് അറ്റന്റന്റ്, ഗവൺമെന്റ് കോളേജ്, മലപ്പുറം | മരണം | 01 | 19.09.2017 |
| 2. | ഗണേഷ്കുമാർ ഓഫീസ് അറ്റന്റന്റ്, ഗവൺമെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം | വിരമിക്കൽ | 01 | 01.01.2018 |

| | | | | |
|---|---|---|---|---|
| 3. | 1. 26.12.2017 തീയതിയിലെ സ.ഉ(കൈ)നം.316/2017/ഉ.വി.വ<br>2. 27.04.2018 തീയതിയിലെ സ.ഉ(കൈ)നം.86/2018/ഉ.വി.വ | തസ്തിക സൃഷ്ടിക്കൽ | 01 | 27.04.2018 |
| 4. | ജോയ്.എ<br>ഓഫീസ് അറ്റന്റന്റ്,<br>സർക്കാർ വനിതാ കോളേജ്,<br>തിരുവനന്തപുരം | വിരമിക്കൽ | 01 | 01.05.2018 |

മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് ചുവടെ പറയുന്ന ഓഫീസ് അറ്റന്റന്റുമാരെ ഗ്രേഡ് I ആയി റേഷ്യോ പ്രൊമോഷൻ നൽകി 17000-37500/- രൂപ ശമ്പള സ്കെയിലിൽ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യം നല്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്<br>സ്ഥാപനം | തസ്തിക | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പി.എസ്.സി നിയമന ശിപാർശ തീയതി/സർക്കാർ ഉത്തരവ് തീയതി | റേഷ്യോ പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|---|---|---|
| 1. | സനൽ പി. സോമൻ<br>പി.ടി.എം ഗവൺമെന്റ് കോളേജ്,<br>പെരിന്തൽമണ്ണ | ഓഫീസ് അറ്റന്റന്റ് | 186<br>(ക്രമനമ്പർ 185 ശ്രീ.മുഹമ്മദ് ഷാനവാസ്.പി യ്ക്ക് പരാമർശം 4 പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു.) | 29.11.2011 | 19.09.2017 |
| 2. | അനുകുട്ടൻ.ടി.എ<br>മഹാരാജാസ് കോളേജ്,<br>എറണാകുളം | ഓഫീസ് അറ്റന്റന്റ് | 187 | 30.11.2011 | 01.01.2018 |
| 3. | അമൽകുമാർ രവീന്ദ്രൻ<br>ഗവൺമെന്റ് കോളേജ്,<br>തൃപ്പൂണിത്തുറ | ഓഫീസ് അറ്റന്റന്റ് | 188 | 30.11.2011 | 27.04.2018 |
| 4. | ശിവദാസ്.ടി.എസ്<br>ഗവൺമെന്റ് കോളേജ്<br>കൊടുവള്ളി | ഓഫീസ് അറ്റന്റന്റ് | 190<br>(ക്രമനമ്പർ 189 രഞ്ജിത്ത്.സി, 26.09.2017 ൽ ഈ വകുപ്പിൽ നിന്ന് വിടുതൽ ചെയ്തു) | 28.12.2011 | 01.05.2018 |

ഈ ഉത്തരവ് പ്രകാരം ഓഫീസ് അറ്റന്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ ശമ്പളം നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിഷ്കരിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകളിലും സേവനപുസ്തകങ്ങളിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ലഭ്യമാണ്.

ഒപ്പ്/-
എ.സീതാലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-
1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2. കരുതൽ ഫയൽ /നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്
MR

ഡി.ജി.24.05.2018